# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5646    29/07/2015-ൽ മറുപടിയ്ക്ക്**

**വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ**

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനായി ദേശീയപാത, റെയിൽലൈൻ എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടി നീക്കം ചെയ്യപ്പെട്ട ചീനവല, ഊന്നിവല എന്നിവയുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി നൽകുവാനുള്ള തുക ഇതുവരെ നൽകാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്തെന്നു വ്യക്തമാക്കാമോ;<br><br>(ബി) സർക്കാർ അംഗീകരിച്ചിട്ടുള്ള നഷ്ടപരിഹാര പാക്കേജ് എത്രയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനു വേണ്ടിയുള്ള റെയിൽ, റോഡ് കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് തൊഴിൽ/ തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് 2,05,39,735/ രൂപയുടെ നഷ്ടപരിഹാര പാക്കേജാണ് അംഗീകരിച്ചിട്ടുള്ളത്. ഈ പാക്കേജ് രണ്ട് ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിലേക്കാവശ്യമായ 96,19,110/- രൂപയിൽ റെയിൽ കണക്റ്റിവിറ്റി മുഖാന്തിരം ടി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കുണ്ടായിട്ടുള്ള നഷ്ടപരിഹാരയിനത്തിൽ 27,42,500/ രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവദിച്ചിട്ടുണ്ട്. ടി തുക എറണാകുളം മേഖലാ ഫിഷറീസ് ഡയറക്ടറുടെ Special TSB അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കാനുള്ള തുകയായ 68,76,610/- രൂപ ഇതുവരെ ലഭ്യമായിട്ടില്ലാത്ത തിനാൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ അതോറിറ്റിക്കെതിരെ ഒരു സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിനായി നടപടി സ്വീകരിച്ച് വരികയാണ്. ഇത് സംബന്ധിച്ച് അടിയന്തര നടപടി സ്വീകരിക്കാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ടി തുകയിൽ പോർട്ട് ട്രസ്റ്റ് നൽകാനുള്ളത് എത്രയെന്നും, NHAI നൽകാനുള്ളത് എത്രയെന്നും വ്യക്തമാക്കാമോ; | (സി) | കൊച്ചിൻ പോർട്ട് ട്രസ്റ്റ് നൽകാനുള്ള തുക (27,42,500/-രൂപ) ലഭ്യമായിട്ടുണ്ട്. ടി തുക എറണാകുളം (മേഖല) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും 68,76,710/-രൂപയാണ് നൽകാനുള്ളത്. |
| (ഡി) കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവദിച്ച തുക എത്രയെന്നും എന്നാണ് ടി തുക ലഭിച്ചതെന്നും വ്യക്തമാക്കാമോ? | (ഡി) | കൊച്ചിൻ പോർട്ട് ട്രസ്റ്റ് 27,42,500/-(ഇരുപത്തിയേഴു ലക്ഷത്തി നാല്പത്തി രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) അനുവദിച്ചു. 18/04/2011 - ലാണ് തുക ലഭിച്ചത്. |

**സെക്ഷൻ ആഫീസർ**